LIBRARY ARCHIVES Kerala Legislative Assembly

സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ ഒഴിവുകൾ

98 (1127) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എത്ര സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ ഒഴിവുകളുണ്ടെന്ന് അറിയിക്കാമോ ;

(ബി) ഇതിൽ കായികാദ്ധ്യാപകരുടെ ഒഴിവുകൾ എത്ര ;

(സി) യോഗ്യത ഇല്ലാത്തവരെ കായികാദ്ധ്യാപകരായി ഏതെങ്കിലും സ്കൂളുകളിൽ നിയമിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ;

(ഡി) അദ്ധ്യാപക ബാങ്കിൽനിന്നും മുമ്പ് ഭാഷാദ്ധ്യാപകരെ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരായി നിയമിച്ചിരുന്നോ ; ഇവർ ഇപ്പോഴും തുടരുന്നുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ &ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി&ഡി) 2014-15 വർഷത്തെ തസ്തിക നിർണ്ണയംമൂലം അധികമായി കണ്ടെത്തിയിട്ടുള്ള സർക്കാർ സ്കൂൾ അദ്ധ്യാപകരെ വിദ്യാഭ്യാസ അവകാശ നിയമത്തിൽ അനുശാസിക്കുംപ്രകാരം എസ്.എസ്.എ.വഴി പാർട്ട്ടൈം ഇൻസ്ട്രക്ടർമാരായി നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നു. കേന്ദ്ര സർക്കാരിൽനിന്നും ഇതിലേയ്ക്കായി അനുവദിച്ച തുക വിനിയോഗിച്ച് ടി അദ്ധ്യാപകർക്ക് ശമ്പളം നൽകുന്നതിനും തികച്ചും താൽക്കാലിക അടിസ്ഥാനത്തിൽ അധികമായി കണ്ടെത്തിയ അധ്യാപകരെ പുനർവിന്യസിക്കുന്നതിനും ആണ് നടപടികൾ സ്വീകരിച്ചിരുന്നത്. എന്നാൽ മറ്റ് അദ്ധ്യാപകരെ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരായി നിയമിക്കുന്നതിനെതിരെ പ്രതിഷേധം ഉണ്ടായതിനെ തുടർന്ന് ഈ നടപടി പിൻവലിക്കുകയുണ്ടായി.

പാഠപുസ്തകങ്ങളുടെ വിതരണം

99 (1128) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ വിവിധ ക്ലാസ്സുകളിലേക്കുള്ള പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും പൂർത്തിയായിക്കഴിഞ്ഞോ ; ഇല്ലെങ്കിൽ സ്കൂൾ തുറക്കുമ്പോൾ തന്നെ വിതരണം പൂർണ്ണമായും നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

ഒന്നുമുതൽ പത്ത്വരെയുള്ള ക്ലാസ്സുകളിലെ സ്കൂൾ പാഠപുസ്തക അച്ചടിയും വിതരണവും നടന്നുകൊണ്ടിരിക്കുകയാണ്. ജൂലൈ മാസം 31-നുമുമ്പ് അച്ചടി പൂർത്തീകരിച്ച് പുസ്തകങ്ങൾ വിതരണം ചെയ്യുന്നതിനായി ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. ഹയർസെക്കണ്ടറിയിലെയും വൊക്കേഷണൽ ഹയർസെക്കണ്ടറിയിലെയും 12-ാം ക്ലാസ്സിലെ 95% പുസ്തകങ്ങളും അച്ചടിച്ച് വിതരണം നടത്തിയിട്ടുണ്ട്. 11-ാം ക്ലാസ്സ് പാഠപുസ്തകങ്ങൾ ക്ലാസ്സ് തുടങ്ങുന്നതിന് മുമ്പായും വിതരണം ചെയ്യാൻ കഴിയും.

പാഠപുസ്തകങ്ങളുടെ വിതരണം

100 (1129) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015-16 അദ്ധ്യയന വർഷത്തിൽ വിദ്യാർത്ഥികൾക്കുള്ള പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നതിന് കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) പുതുക്കിയ സിലബസ് അനുസരിച്ച് എത്ര പാഠപുസ്തകങ്ങൾ ഏതെല്ലാം ക്ലാസ്സുകളിലേക്കാണ് അനുവദിച്ചിട്ടുള്ളത് ; ഇവയുടെ വിതരണം ഏതു ഘട്ടത്തിലാണ് ; വ്യക്തമാക്കാമോ ;

(സി) ടാബ്ലറ്റ് രൂപത്തിൽ പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി ഏതെല്ലാം ക്ലാസ്സുകളിലാണ് നടപ്പിലാക്കുന്നത് ; പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ ;

(ഡി) ഓരോ ജില്ലയിലേയ്ക്കും ഓരോ ക്ലാസ്സിനും ഓരോ വിഷയത്തിനും എത്ര പാഠപുസ്തകങ്ങൾ ആവശ്യമുണ്ടെന്ന് അറിയിക്കുമോ ; ആയതിൽ എത്രയെണ്ണം ഓരോ ജില്ലയിലും ലഭ്യമാക്കിയെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) മധ്യവേനലവധിക്കാലത്തുതന്നെ പാഠപുസ്തകങ്ങൾ സ്കൂളുകളിൽ എത്തിക്കത്തക്കവിധം 2014 നവംബർ മാസം ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുകയും ഒന്ന് മുതൽ പത്തുവരെ ക്ലാസ്സുകളിലെ പാഠപുസ്തക അച്ചടിയുടെ ചുമതലയുള്ള കെ.ബി.പി.എസ്.-ന് മാറ്റമില്ലാത്ത പുസ്തകങ്ങളുടെ ടെന്റേറ്റീവ് പ്രിന്റ് ഓർഡർ നൽകുകയും ചെയ്തിരുന്നു. മാറ്റമുള്ള ക്ലാസ്സുകളായ 2,4,6,8 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളുടെ ടൈറ്റിലുകളും പാഠസംഗ്രഹവും ജനുവരി മാസം. എസ്.സി.ഇ.ആർ.ടി.യിൽ നിന്ന് ലഭിച്ച ഉടൻതന്നെ

LIBRARY ARCHIVES Kerala Legislative Assembly